LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ശ്രീ. കെ.എൻ.എ. ഖാദർ പറഞ്ഞ കാര്യത്തിന് പ്രസക്തിയുണ്ട്. പക്ഷേ, നടപ്പിലാക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. സ്റ്റാഗ്നേഷന്റെ കാര്യം പറഞ്ഞത് ശരിയായ കാര്യമാണ്. ഇവർക്ക് സ്റ്റാഗ്നേഷൻ ഉണ്ട്. കാരണം, ഇവർക്ക് വേറെ പ്രൊമോഷൻ കിട്ടുന്നില്ല. ഹെഡ്മാസ്റ്റർ ആകണമെങ്കിൽ ബി.എഡോ ടി.ടി.സി.യോ വേണം. അത് ഒഴിവാക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഭാഷാദ്ധ്യാപകർക്ക് പ്രൊമോഷൻ കിട്ടാനുള്ള avenues ഇല്ല എന്നതുകൊണ്ട് ഇതു ചെയ്യാൻ കെ.ഇ.ആർ-ലെ ഇന്നത്തെ നടപടിക്രമംപ്രകാരം പറ്റില്ല. കെ.ഇ.ആർ-ന്റെ സെക്ഷൻ 14-ന്റെയും റൂൾ 45-ന്റെയും വയലേഷനായിരിക്കും. മറ്റൊരു പ്രശ്നം, ഇങ്ങനെ തീരുമാനിച്ചാൽ തന്നെ, ടി.ടി.സിയും ബി.എഡുമുള്ള ആളുകൾ ഇപ്പോഴുണ്ട്. അവർക്ക് അത് ഗ്രിവൻസാകും. ഇത് എളുപ്പത്തിൽ പരിഹരിക്കാൻ കഴിയുന്ന പ്രശ്നമല്ല. മറ്റ് അദ്ധ്യാപകസംഘടനകളുമായി ചർച്ച ചെയ്യേണ്ട പ്രശ്നമാണ്. അതുകൊണ്ട് off hand ആയിട്ട് പറയാൻ കഴിയില്ല. ഇവരുടെ സ്റ്റാഗ്നേഷൻ പ്രശ്നമുള്ളതുകൊണ്ട് അതു കൈകാര്യം ചെയ്യുന്നതിനെപ്പറ്റി അദ്ധ്യാപകസംഘടനകളെയും, ബി.എഡ്., ടി.ടി.സി. ഹോൾഡേഴ്സിനെയും വിളിച്ച് ഒരു ഡിസ്കഷൻ നടത്താമെന്നല്ലാതെ നമുക്കിവിടെ വ്യക്തമായിട്ട് കമ്മിറ്റ്മെന്റ് നടത്താൻ ബുദ്ധിമുട്ടുണ്ട്.

(9) പാലോടിനടുത്തുള്ള ഇരുമ്പുപാലം പുതുക്കി പണിയുന്നതിനും മൈലമൂട് പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിനും നടപടി

ശ്രീ. പിരപ്പൻകോട് മുരളി: സർ, തിരുവനന്തപുരം-ചെങ്കോട്ട സ്റ്റേറ്റ് ഹൈവേയിലെ പാലോടുള്ള ചിപ്പൻചിറയ്ക്കും ബൊട്ടാണിക്കൽ ഗാർഡനുമിടയിലുള്ള 38 കിലോമീറ്ററിൽ സ്ഥിതിചെയ്യുന്ന ഇരുമ്പുപാലം അത്യന്തം അപകടാവസ്ഥയിലാണ്. യാത്രക്കാരെ ഇറക്കിയാണ് വാഹനങ്ങൾ ഇപ്പോൾ പാലം കടക്കുന്നത്. ഏതു നിമിഷവും തകരാനിടയുള്ള അപകടം പതിയിരിക്കുന്ന ഈ പാലം 1905-ൽ ബ്രീട്ടീഷ് എൻജിനീയർമാർ പണിതതാണ്. പലതവണ താൽക്കാലിക മെയിന്റനൻസ് നടത്തിയിട്ടുണ്ട്. എന്നാൽ പുതിയ പാലം പണിതുകൊണ്ടേ ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. ഇത് സ്റ്റേറ്റ് ഹൈവേയാണ്. ഈ പാലം അപകടത്തിലായതോടെ തിരുവനന്തപുരത്തുനിന്ന് ചെങ്കോട്ടയിലേക്കുള്ള ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുന്ന പാലങ്ങളുടെ ലിസ്റ്റിൽ ഈ പാലവും ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, അതിന് കാലതാമസമുണ്ടാകാൻ ഇടയുണ്ട്. അതുകൊണ്ട് പാലം

പുതുക്കിപ്പണിയാനുള്ള സത്വരനടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഭാരം കയറ്റിയ വാഹനങ്ങൾ ഈ പാലത്തിലൂടെ പോകുന്നത് പൂർണ്ണമായി നിരോധിച്ചുകൊണ്ട് നിലവിലുള്ള പാലം നിലനിർത്തി തൊട്ടടുത്ത സ്ഥലത്ത് പാലം പണിയാൻ കഴിയുമോ എന്നും പരിശോധിക്കണം. അതു കാലതാമസത്തിനിടയാക്കുമെങ്കിൽ തൊട്ടടുത്തുള്ള മൈലമൂട് പാലം പണി ഏതാണ്ട് പൂർത്തിയായി വരികയാണ്. അതു പൂർത്തിയാക്കി എക്സ്-സർവ്വീസ്മെൻ കോളനിവഴി ഭരതന്നൂർ ശിവക്ഷേത്രം നബാർഡ് റോഡിലൂടെ മൈലമൂട് പാലത്തിൽവന്ന് പാലോട്ടേക്ക് ഗതാഗതം തിരിച്ചു വിടാവുന്നതാണ്. നിലവിലുള്ള പാലത്തിന്റെ സ്ഥാനത്തുതന്നെ പുതിയ പാലം പണിയാവുന്നതാണ്. ഈ കാര്യത്തിൽ അടിയന്തിര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്തുവകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ)*: സർ, വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തിരുവനന്തപുരം-ചെങ്കോട്ട റോഡിൽ 38/400 കിലോമീറ്ററിൽ പാലത്തിന് സമീപമുള്ള ഇരുമ്പ് പാലത്തിന്റെ കുറുകെയുള്ള ബീം ദ്രവിച്ച് പ്രധാന ബീമുമായിട്ടുള്ള ബന്ധം വിച്ഛേദിച്ച് താഴുകയും സ്ലാബിന് കേട് സംഭവിച്ചിരിക്കുകയുമാണ്. ഈ പാലത്തിന്റെ അത്യാവശ്യം അറ്റകുറ്റപ്പണികൾക്ക് 13.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ടുതവണ ടെണ്ടർ ക്ഷണിച്ചുവെങ്കിലും കരാറുകാരാരുംതന്നെ പണി ഏറ്റെടുക്കാൻ തയ്യാറായില്ല. ഈ സാഹചര്യത്തിൽ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷന് അനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു. എന്നാലും പണിയുടെ അടിയന്തിര ആവശ്യകത പരിഗണിച്ച് പ്രസ്തുതപണിയുടെ ഭാഗമായി വെൽഡിംഗ് ബീം ബലപ്പെടുത്തുന്നതിനുള്ള ജോലികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരുന്നുണ്ട്. കൂടാതെ, പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനായി 153 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി മേൽനടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത ഇരുമ്പ് പാലത്തിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് കഴിഞ്ഞ ഒരാഴ്ചയായി പാലത്തിലൂടെ യാത്രക്കാരുമായി വാഹനഗതാഗതം നിരോധിച്ചിരിക്കുകയാണ്. പാലോട്- കാരേറ്റ് റോഡിലെ മൈലമൂട് പാലത്തിന്റെ പണി പൂർത്തിയാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പാലം പണി പൂർത്തിയായാൽ ഉടൻ വാഹനങ്ങൾ അതുവഴി തിരിച്ചുവിടാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly